LIBRARY ARCHIVES Kerala Legislative Assembly

പിൻവലിക്കപ്പെട്ട കേസുകൾ

34 (1737) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ എത്ര കേസ്സുകൾ പിൻവലിക്കുന്നതിനായി പ്രോസിക്യൂഷൻ ഉത്തരവ് നൽകിയിട്ടുണ്ടെന്നും ഇതിൻപ്രകാരം പിൻവലിക്കപ്പെട്ട കേസുകൾ എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) ഇവ ഏതൊക്കെ സെക്ഷൻ ഉൾപ്പെടുത്തിയിരുന്ന കേസ്സുകളാണെന്നും ഏതൊക്കെ കോടതികളിൽ ഉള്ളവ ആയിരുന്നെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 5089 കേസുകൾ പിൻവലിക്കുന്നതിന് സർക്കാർ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. ഇതിൽ 1403 കേസുകൾ പിൻവലിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

തീരദേശ നിയന്ത്രണ വിജ്ഞാപന ഭേദഗതി

35 (1738) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ സംരക്ഷണ നിയമമനുസരിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നല്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ബി) വീട് വയ്ക്കാൻ വേറെ സ്ഥലമില്ലാത്ത പാവപ്പെട്ടവർക്ക് എന്തെങ്കിലും ഇളവ് ഈ നിയമത്തിലുണ്ടോ എന്നറിയിക്കുമോ ; ഇവർക്ക് വീട് നിർമ്മാണത്തിന് ഇളവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം നല്കുമോ ?

ഉത്തരം

(എ) തീരദേശസംരക്ഷണ നിയമമനുസരിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 2011-ലെ വിജ്ഞാപനം പ്രകാരം താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമാണ് :

സി.ആർ.ഇസഡ്-I മേഖലയിൽ പുതിയ നിർമ്മാണം അനുവദനീയമല്ല.

സി.ആർ.ഇസഡ്-II-ൽ (നഗരപ്രദേശങ്ങളിൽ) നിലവിലുള്ള (19-2-1991) കെട്ടിടത്തിന്റെയോ റോഡിന്റെയോ കരഭാഗത്ത് പുതിയ കെട്ടിടം നിർമ്മിക്കാം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.